പതിനാറായിരത്തോളം പായ്ക്കറ്റ് നിരോധിത പുകയില ഉൽപ്പന്നങ്ങളുമായി യുവാവ് പോലീസ് പിടിയിൽ. ഇടവൂർ നാനേത്ത് നിയാസ് (38) ആണ് കാലടി പോലീസിന്റെ പിടിയിലായത്. ജില്ലാ പോലീസ് മേധാവിയ്ക്ക് ലഭിച്ച രഹസ്യ വിവരത്തെ തുടർന്ന് മറ്റൂർ ജംഗ്ഷനിലുള്ള വാടക വീട്ടിൽ നടത്തിയ റെയ്ഡിലാണ് പുകയില ഉൽപ്പന്നങ്ങൾ കണ്ടെത്തിയത്.